"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലശ്ശേരി മാസ്റ്റർ പ്ലാൻ (ഡെവലപ്മെൻറ് പ്ലാൻ ഫോർ ടെലിച്ചറി ടൗൺ)-ന്റെ വ്യതിയാനത്തിന് അന്തിമ അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.46/2026/LSGD തീയതി,തിരുവനന്തപുരം, 06-02-2026

---

പരാമർശം:-

1. GO(Ms) No.119/2025/LSGD, തീയതി 15/07/2025·
2. 4-08-2025-ലെ കേരള ഗസറ്റ് വിജ്ഞാപനം നം.2867, വാല്യം 14.
3. തലശ്ശേരി നഗരസഭ കൗൺസിലിന്റെ 17/10/2025 ലെ തീരുമാനം നമ്പർ.46
4. തലശ്ശേരി നഗരസഭ സെക്രട്ടറിയുടെ 27/10/2025-ലെ ഇ3-32639/22 നമ്പർ കത്ത്.
5. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)-ടെ 07/01/2026-ലെ LSGD/PD/21279/2023-TCPB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർക്കാർ അംഗീകൃത തലശ്ശേരി മാസ്റ്റർ പ്ലാനിന്റെ കരട് വ്യതിയാനത്തിന്, 2016 -ലെ കേരള നഗരഗ്രാമാസൂത്രണ നിയമം വകുപ്പ് 36 ഉപവകുപ്പ് (3) പ്രകാരവും, 2021 ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 16(8) എന്നിവയുടെ അടിസ്ഥാനത്തിലും പരാമർശം 1 പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിയിരുന്നു. പ്രസിദ്ധീകരണ അനുമതിയുടെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാനിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട്, തലശ്ശേരി നഗരസഭ, ഔദ്യോഗിക ഗസറ്റിൽ ഫാറം IV-ൽ പരാമർശം 2 പ്രകാരം വിജ്ഞാപനം ചെയ്യുകയും ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുമുണ്ടായി.

2. വ്യതിയാനം വരുത്തി പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിൻമേൽ പൊതുജനങ്ങളിൽ നിന്നും ലഭ്യമായ മൂന്ന് ആക്ഷേപാഭിപ്രായങ്ങൾ സ്പെഷ്യൽ കമ്മിറ്റി പരിശോധിക്കുകയും, സ്വീകരിച്ച തീരുമാനങ്ങൾ കമ്മിറ്റി ശിപാർശ ചെയ്യുകയും ടി ശുപാർശയുടെ അടിസ്ഥാനത്തിൽ കരട് വ്യതിയാനത്തിൽ മാറ്റങ്ങൾ വരുത്തുകയുമുണ്ടായി. കരട് വ്യതിയാനം പരാമർശം 3 പ്രകാരം തലശ്ശേരി നഗരസഭ കൗൺസിൽ അംഗീകരിച്ച്, സർക്കാരിന്റെ അന്തിമ അനുമതിക്കായി പരാമർശം 4 പ്രകാരം ഉചിത

മാർഗേന സമർപ്പിച്ചിട്ടുണ്ട്.

3. തലശ്ശേരി മാസ്റ്റർ പ്ലാനിന്റെ വ്യതിയാനത്തിന്, 2016 ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിൻറെ വകുപ്പ് 36(8), 2021 ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22, എന്നിവ പ്രകാരം അന്തിമ അനുമതി നൽകുന്നതിന് ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) പരാമർശം 5 പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇതോടൊപ്പം ചേർത്തിട്ടുള്ള തലശ്ശേരി മാസ്റ്റർ പ്ലാൻ (ഡെവലപ്മെൻറ് പ്ലാൻ ഫോർ ടെലിച്ചറി ടൗൺ)-ന്റെ വ്യതിയാനത്തിന്, 2016 ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിൻറെ വകുപ്പ് 36(8), 2021 ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർ പ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങളിലെ ചട്ടം 22 എന്നിവ പ്രകാരം അന്തിമ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ (എൽ.എസ്.ജി.ഡി), തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ് ), തിരുവനന്തപുരം.
ജില്ലാ ടൗൺ പ്ലാനർ, കണ്ണൂർ.
സെക്രട്ടറി, തലശ്ശേരി നഗരസഭ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 06-02-2026 10:48:32